**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്,**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**നഗരാസൂത്രകയുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - തിരുവനന്തപുരം നഗരസഭയിൽ, ആറ്റിപ്ര വില്ലേജിൽ പ്ലോട്ട് സബ് ഡിവിഷൻ - ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 12.01.2021 ലെ ZAE-4322/2020(ZAE/BA/294/2020) നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/147/2021-D തീയതി 16/02/2021</u>**

തിരുവനന്തപുരം നഗരസഭയിൽ ആറ്റിപ്ര വില്ലേജിൽ സർവ്വേ നമ്പർ 550/15, 550/16, 551/4-1, 550/15-1-1, 550/3, 551/4, 551/19 ൽ ഉൾപ്പെടുന്ന 49.30 Ares (0.493 hectare) സ്ഥലത്ത് പ്ലോട്ട് (18 sub plots ആയി) സബ് ഡിവിഷൻ നടത്തുന്നതിനുള്ള ലേ ഔട്ട് അംഗീകാരത്തിനായി ശ്രീ.രാജേന്ദ്രൻ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി പ്ലോട്ട് സബ് ഡിവിഷനുള്ള ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. KMBR 2019 പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തി സെക്രട്ടറി ലേ ഔട്ട് അനുമതി നൽകേണ്ടതാണ്.

2. ഉടമസ്ഥത, വില്ലേജ്, സർവ്വേ നമ്പർ, സ്ഥല വിസ്തൃതി എന്നിവ ശരിയാണെന്ന് രേഖകൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

3. പ്രസ്തുത സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4. ലേ ഔട്ടിലെ എല്ലാ നിർമാണങ്ങളുടെയും ആകെ കവറേജ് 33.3% ആയി പരിമിതപ്പെടുത്തേണ്ടതാണ്.

5. പ്ലോട്ട് വിഭജനത്തിനായുള്ള ലേ ഔട്ട് പ്ലാനിൽ ഉൾപ്പെട്ട street-ൽ കാണിച്ചിട്ടുള്ള മഴവെള്ള റീചാർജിംഗ് സംവിധാനം കാര്യക്ഷമമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

6. മലിന ജലത്തിന്റെ സംസ്കരണ സംവിധാനം , ഉപരിതല ജല നിർഗമന സംവിധാനം, ജലവിതരണ സംവിധാനം എന്നിവയ്ക്കുള്ള ക്രമീകരണം അടുത്തുള്ള പ്ലോട്ടുകളെ ബാധിക്കാത്ത വിധത്തിൽ നടത്തേണ്ടതാണ്.

7. KMBR ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന ഏറ്റവും കുറഞ്ഞ തുറസ്സായ സ്ഥലത്തിന്റെ 50%-ൽ കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്ക് അരിച്ചിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**06/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

Signature Not Verified
Digitally signed by Jayasree V K
Date: 2021.02.16 09:53:33 IST
Reason: Approved

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

പകർപ്പ്: (അറിവിലേയ്ക്കായി)

ശ്രീ രാജേന്ദ്രൻ
ടി.സി.1/325
വലിയവിളാകത്ത് വീട്
ഉള്ളൂർ
മെഡിക്കൽ കോളേജ് പി.ഒ
തിരുവനന്തപുരം 695011